LIBRARY ARCHIVES Kerala Legislative Assembly

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി**

90(396) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിൽ ഉള്ളവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ കുടിവെള്ളം- 3,00,000 രൂപ
2. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ ത്രീഫേസ് കണക്ഷൻ-1,08,000 രൂപ
3. ശ്രീകണ്ഠപുരം പ്രീമെട്രിക് ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തൽ- 71,400 രൂപ
4. പെരുങ്കുന്ന് ലക്ഷംവീട് കോളനി റോഡ് റീ ടാറിംഗ് 3,35,000 രൂപ
5. മൂണ്ടാന്തൂർ വള്ളുവകോളനി റോഡ് ഡ്രൈനേജ് നിർമ്മാണം-9,37,732 രൂപ
6. ചക്യാറ കോളനി റോഡിന് സംരക്ഷണ ഭിത്തി 23,50,000 രൂപ

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ സാമ്പത്തിക വികസന, സാമൂഹ്യ ക്ഷേമ സാംസ്കാരിക പദ്ധതികൾ ഇരിക്കൂർമണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു. മണ്ഡല പരിധിയിൽ വകുപ്പിന്റെ ഒരു പ്രീമെട്രിക് ഹോസ്റ്റലും ഒരു നഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. പിന്നാക്കവിഭാഗ വികസന വകുപ്പ് OBC വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിലവിൽ നടപ്പാക്കി വരുന്ന വിദ്യാഭ്യാസ, വികസന, ക്ഷേമ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പാക്കി വരുന്നവയാണ്. മണ്ഡലം കേന്ദ്രീകരിച്ച് പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല.

**പട്ടികവർഗ്ഗ മേഖലകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

91(397) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാണോ?

ഫലപ്രദമാണ്.